| 24–12–2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ– അപാരമായ സന്തോഷത്തിലും ലഹരിയിലും ഇരിക്കുന്നതിനായി ദേഹാഭിമാനമാകുന്ന അസുഖത്തെ ഉപേക്ഷിച്ച് പ്രീതബുദ്ധിയുള്ളവരാകൂ, തന്റെ പെരുമാറ്റത്തെ നല്ലതാക്കൂ.**

**ചോദ്യം–** ഏത് കുട്ടികൾക്കാണ് ജ്ഞാനത്തിന്റെ തലതിരിഞ്ഞ ലഹരി കയറാത്തത്?
**ഉത്തരം–** ഏത് കുട്ടികളാണോ ബാബയെ യഥാർത്ഥ രീതിയിൽ അറിഞ്ഞ് ഓർമ്മിക്കുന്നത്, ഹൃദയം കൊണ്ട് ബാബയുടെ മഹിമ ചെയ്യുന്നത്, ആർക്കാണോ പഠിപ്പിൽ പൂർണ്ണ ശ്രദ്ധയുള്ളത് അവരിൽ ജ്ഞാനത്തിന്റെ തലതിരിഞ്ഞ ലഹരി കയറുകയില്ല. ആരാണോ ബാബയെ സാധാരണം എന്ന് കരുതുന്നത് അവർക്ക് ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. ഓർമ്മിക്കുകയാണെങ്കിൽ തന്റെ വാർത്തകളും ബാബയ്ക്ക് തീർച്ചയായും നൽകും. കുട്ടികൾ തന്റെ വാർത്തകൾ ബാബയ്ക്ക് നൽകുന്നില്ലെങ്കിൽ കുട്ടികൾക്ക് ബോധക്ഷയം സംഭവിച്ചിട്ടില്ലല്ലോ എന്ന് ബാബയ്ക്കും ചിന്തയുണ്ടാകും.

**ഓം ശാന്തി**. ബാബ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്– കുട്ടികളേ– ആരെങ്കിലും പുതിയതായി വരുകയാണെങ്കിൽ അവർക്ക് ആദ്യം പരിധിയുള്ളതും, പരിധിയില്ലാത്തതുമായ രണ്ട് അച്ഛന്മാരുടെ പരിചയം നൽകൂ. പരിധിയില്ലാത്ത അച്ഛൻ എന്നു പറഞ്ഞാൽ, പരിധിയില്ലാത്ത ആത്മാക്കളുടെ അച്ഛൻ. പരിധിയുള്ള അച്ഛൻ ഓരോ ജീവാത്മാവിനും വേറെയാണ്. ഈ ജ്ഞാനവും എല്ലാവർക്കും ഒരുപോലെ ധാരണ ചെയ്യാൻ സാധിക്കില്ല. ചിലർ ഒരു ശതമാനം, ചിലർ 95 ശതമാനം ധാരണ ചെയ്യുന്നു. ഇത് വിവേകത്തിന്റെ കാര്യമാണ്, സൂര്യവംശി ,ചന്ദ്രവംശി പരമ്പരകൾ ഉണ്ടാകുമല്ലോ. രാജാവും റാണിയും എങ്ങനെയാണോ അതുപോലെയായിരിക്കും പ്രജകളും. പ്രജകളിൽ എല്ലാ പ്രകാരത്തിലുള്ള മനുഷ്യരും ഉണ്ടാകും. പ്രജ എന്നു പറഞ്ഞാൽ പ്രജതന്നെ. ബാബ മനസ്സിലാക്കിത്തരുന്നു ഇത് പഠിപ്പാണ്, എല്ലാവരും തന്റെ ബുദ്ധിക്കനുസരിച്ചാണ് പഠിക്കുന്നത്. ഓരോരുത്തർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. കല്പം മുമ്പ് ആര് എത്ര പഠിപ്പ് ധാരണ ചെയ്തോ അത്രയും ഇപ്പോഴും ചെയ്യും. പഠിപ്പിന് ഒരിയ്ക്കലും ഒളിഞ്ഞിരിക്കാൻ സാധിക്കില്ല. പഠിപ്പിന്റെ ആധാരത്തിൽ പദവിയും ലഭിക്കും. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്, മുന്നോട്ട് പോകവേ പരീക്ഷയും ഉണ്ടാകും. പരീക്ഷയില്ലാതെ സ്ഥാനക്കയറ്റം എങ്ങനെ കിട്ടും. അതിനാൽ അവസാന സമയമാകുമ്പോൾ എല്ലാം മനസ്സിലാകും. പക്ഷേ ഇപ്പോഴും മനസ്സിലാക്കാൻ സാധിക്കും ഞാൻ ഏത് പദവിയ്ക്ക് യോഗ്യനാണ്? തീർച്ചയായും ലജ്ജ കാരണം എല്ലാവരും കൈ ഉയർത്തുന്നുണ്ട് പക്ഷേ മനസ്സിലാക്കാൻ സാധിക്കും, നമുക്ക് എങ്ങനെ ഇങ്ങനെയാവാൻ സാധിക്കും! എന്നിട്ടും കൈ ഉയർത്തുന്നു. ഇതിനേയും അജ്ഞാനം എന്നേ പറയൂ. ബാബയാണെങ്കിൽ പെട്ടെന്ന് മനസ്സിലാക്കും ഇതിലും കൂടുതൽ ബുദ്ധി ലൗകികത്തിലെ വിദ്യാർത്ഥികൾക്കുണ്ട്. അവർ മനസ്സിലാക്കും ഞങ്ങൾ സ്കോളർഷിപ്പ് നേടുന്നതിന് യോഗ്യരല്ല, വിജയിക്കില്ല. അവർക്ക് അറിയാം, ടീച്ചർ പഠിപ്പിക്കുന്നതിൽ ഞാൻ എത്ര മാർക്ക് നേടും? ഞങ്ങൾ പദവിയോടെ പാസാകും എന്ന് പറയാൻ കഴിയില്ല. ഇവിടെയാണെങ്കിൽ ചില കുട്ടികൾക്ക് ഇത്രപോലും ബുദ്ധിയില്ല, ദേഹാഭിമാനം വളരെ അധികമുണ്ട്. വന്നിരിക്കുന്നത് ദേവതയായി മാറുന്നതിനാണ് എന്ന് തീർച്ചയാണ് .പക്ഷേ അതിനനുസരിച്ചുള്ള പെരുമാറ്റവും ആവശ്യമാണല്ലോ. ബാബ പറയുന്നു വിനാശകാലത്ത് വിപരീത ബുദ്ധിയാണ് എന്തെന്നാൽ നിയമാനുസരണം ബാബയോട് പ്രീതിയില്ല.

ബാബ നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ് വിനാശകാലത്ത് വിപരീതബുദ്ധി എന്നതിന്റെ യഥാർത്ഥ അർത്ഥം എന്താണ്? കുട്ടികൾക്കുതന്നെ പൂർണ്ണമായി മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ മറ്റുള്ളവർ എന്ത് മനസ്സിലാക്കാനാണ്? ബാബയെ ഓർമ്മിക്കുക– ഇത് ഗുപ്തമായ കാര്യമാണ്. പഠിപ്പ് ഗുപ്തമല്ലല്ലോ. പഠിപ്പിൽ നമ്പർവൈസാണ്. ഒരുപോലെ എല്ലാവരും പഠിക്കുമോ. ബാബ മനസ്സിലാക്കിത്തരുന്നു ഇപ്പോൾ കൊച്ചുകുട്ടിയാണ്. ഇങ്ങനെയുള്ള പരിധിയില്ലാത്ത ബാബയെ മുന്നോ നാലോ മാസങ്ങളോളം ഓർമ്മിക്കുന്നേയില്ല. ഓർമ്മിക്കുന്നുണ്ട് എന്ന് എങ്ങനെ അറിയാൻ പറ്റും? ബാബയ്ക്ക് കത്തെഴുതുന്നേയില്ല, അതായത് ഞാൻ എങ്ങനനെങ്ങനെ പോയ്ക്കൊണ്ടിരിക്കുന്നു, എന്തൊക്കെ സേവനങ്ങൾ ചെയ്യുന്നു. ബാബക്ക് കുട്ടികളെ പ്രതി എന്തുമാത്രം ചിന്തയാണ് കുട്ടികൾക്ക് ബോധക്ഷയം സംഭവിച്ചുകാണുമോ, കുട്ടി മരിച്ചുപോയിക്കാണുമോ? ചിലരാണെങ്കിൽ ബാബയ്ക്ക് എത്രനല്ല സേവന വാർത്തകളാണ് എഴുതുന്നത്. കുട്ടി ജീവിച്ചിരിപ്പുണ്ട് എന്ന് ബാബയും മനസ്സിലാക്കും. സേവനം ചെയ്യുന്ന കുട്ടികൾക്ക് ഒരിക്കലും മറഞ്ഞിരിക്കാൻ സാധിക്കില്ല. ഏത് കുട്ടി എങ്ങനെയാണ് എന്ന് ബാബ്ക്കറിയാം. ദേഹാഭിമാനത്തിന്റെ അസുഖം വളരെ കടുത്തതാണ്. ബാബ മുരളിയിൽ മനസ്സിലാക്കിത്തരുന്നു, ചിലർക്കാണെങ്കിൽ ജ്ഞാനത്തിന്റെ തലതിരിഞ്ഞ ലഹരി കയറിയിരിക്കുകയാണ്, അഹങ്കാരം ഉണ്ടാകുന്നു പിന്നീട് ഓർമ്മി

ക്കുകയുമില്ല, കത്തും എഴുതുന്നില്ലായെങ്കിൽ ബാബ എങ്ങനെ ഓർമ്മിക്കും? ഓർമ്മ, ഓർമ്മയുമായി കൂടിച്ചേരുന്നു്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയെ യഥാർത്ഥ രീതിയിൽ അറിഞ്ഞ് ഓർമ്മിക്കുന്നു, ഹൃദയംകൊണ്ട് മഹിമ പാടുന്നു. ചില കുട്ടികൾ ബാബയെ സാധാരണമെന്നു കരുതുന്നു അതിനാൽ ഓർമ്മിക്കുന്നില്ല. ബാബ എന്തെങ്കിലും പ്രൗഢിയൊന്നും പ്രദർശിപ്പിക്കില്ല. ഭഗവാന്റെ വാക്കുകളാണ്, ഞാൻ നിങ്ങൾക്ക് വിശ്വത്തിന്റെ രാജ്യപദവി നൽകുന്നതിനായി രാജയോഗം പഠിപ്പിക്കുകയാണ്. ഞങ്ങൾ വിശ്വത്തിന്റെ രാജ്യപദവി നേടുന്നതിനായാണ് പരിധിയില്ലാത്ത ബാബയിൽ നിന്നും പഠിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? ഈ ലഹരിയുണ്ടെങ്കിൽ സദാ അളവില്ലാത്ത സന്തോഷത്തിന്റെ അതിര് കടക്കും. ഗീത വായിക്കുന്നവർ കേവലം പറയും-ശ്രീകൃഷ്ണഭഗവാൻ ഉവാച, ഞാൻ രാജയോഗം പഠിപ്പിക്കുകയാണ്, അത്രതന്നെ. അവർക്ക് രാജപദവി പ്രാപ്തമാക്കുന്നതിന്റെ സന്തോഷമേ ഉണ്ടാകില്ല. ഗീത പഠിച്ച് പൂർത്തിയാക്കി പിന്നെ തന്റെ ജോലികാര്യങ്ങൾക്കായി പോയി. നിങ്ങളുടെ ബുദ്ധിയിലാണെങ്കിൽ ഇപ്പോൾ നമ്മെ പരിധിയില്ലാത്ത ബാബ പഠിപ്പിക്കുകയാണ് എന്നതുണ്ട്. അവരുടെ ബുദ്ധിയിൽ ഇത് വരില്ല. അതിനാൽ ആദ്യമായി ആരുവന്നാലും അവർക്ക് രണ്ട് അച്ഛന്മാരുടെ പരിചയം നൽകണം. പറയൂ ഭാരതം സ്വർഗ്ഗമായിരുന്നു, ഇപ്പോൾ നരകമാണ്. ഇത് കലിയുഗമാണ്, ഇതിനെ സ്വർഗ്ഗമെന്ന് പറയുമോ. സത്യയുഗത്തിലും സ്വർഗ്ഗമുണ്ട്, കലിയുഗത്തിലും സ്വർഗ്ഗമുണ്ട് എന്ന് പറയില്ലല്ലോ. ആർക്കെങ്കിലും ദുഃഖമുണ്ടായാൽ പറയും നരകമാണെന്ന്, ആർക്കെങ്കിലും സുഖമുണ്ടായാൽ അവർ സ്വർഗ്ഗത്തിലാണെന്ന് പറയും. ഇങ്ങനെ വളരെ അധികംപേർ പറയുന്നുണ്ട്- ദുഃഖികളായ മനുഷ്യരാണ് നരകത്തിൽ, ഞങ്ങളാണെങ്കിൽ സുഖത്തിലാണ് കഴിയുന്നത്, കെട്ടിടങ്ങളുണ്ട്, വാഹനങ്ങളുണ്ട്, ഞങ്ങൾ സ്വർഗ്ഗത്തിലാണ് എന്ന് കരുതുന്നു. ഗോൾഡൻ ഏജും അയൺ ഏജും ഒരേ കാര്യമാണ്.

അതിനാൽ ആദ്യമാദ്യം രണ്ട് അച്ഛന്മാരുടെ കാര്യം ബുദ്ധിയിൽ ഉറപ്പിക്കണം. ബാബ സ്വയം തന്റെതന്നെ പരിചയം നൽകുകയാണ്. ബാബ എങ്ങനെ സർവ്വവ്യാപിയാകും? എന്താ ലൗകിക പിതാവിനെ സർവ്വവ്യാപിയെന്ന് പറയുമോ? ഇപ്പോൾ നിങ്ങൾ ചിത്രങ്ങളിൽ കാണിക്കുന്നുണ്ട് ആത്മാവിന്റേയും, പരമാത്മാവിന്റേയും രൂപം ഒരുപോലെയാണ്, അതിൽ വ്യത്യാസമില്ല. ആത്മാവും പരമാത്മാവും തമ്മിൽ വലുപ്പ-ചെറുപ്പ വ്യത്യാസമില്ല. എല്ലാവരും ആത്മാക്കളാണ്, ബാബയും ആത്മാവാണ്. ബാബ സദാ പരമധാമത്തിൽ കഴിയുന്നു അതിനാൽ ബാബയെ പരമാത്മാവ് എന്ന് വിളിക്കുന്നു. എങ്ങനെയാണോ നിങ്ങൾ ആത്മാക്കൾ വരുന്നത് അതുപോലെ ഞാൻ വരുന്നില്ല അത്രയേയുള്ളു. ഞാൻ അന്തിമത്തിൽ വന്ന് ഈ ശരീരത്തിൽ പ്രവേശിക്കുന്നു. ഈ കാര്യങ്ങൾ പുറത്തുള്ള ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. കാര്യം വളരെ സഹജമാണ്. വ്യത്യാസം ഇത്രയേയുള്ളു ബാബക്ക് പകരം വൈകുണ്ഠവാസിയായ കൃഷ്ണന്റെ പേരിട്ടു. എന്താ കൃഷ്ണനാണോ വൈകുണ്ഠത്തിൽ നിന്നും നരകത്തിൽ വന്ന് രാജയോഗം പഠിപ്പിച്ചത്? കൃഷ്ണന് എങ്ങനെ പറയാൻ സാധിക്കും ദേഹസഹിതം......എന്നെമാത്രം ഓർമ്മിക്കൂ. ദേഹധാരിയെ ഓർമ്മിക്കുന്നതിലൂടെ പാപം എങ്ങനെ ഇല്ലാതാകും? ചെറിയ കുട്ടിയായ കൃഷ്ണനെവിടെ, പിന്നെ സാധാരണ വൃദ്ധ ശരീരത്തിൽ വരുന്ന ഞാനെവിടെ. എത്ര വ്യത്യാസമുണ്ട്. ഈ ഒരേയൊരു തെറ്റിനാൽ മനുഷ്യൻ പതിതവും ദരിദ്രനുമായി മാറി. ഞാനും സർവ്വവ്യാപിയല്ല കൃഷ്ണനും സർവ്വവ്യാപിയല്ല. ഓരോ ശരീരത്തിലും ആത്മാവാണ് സർവ്വവ്യാപിയായിരിക്കുന്നത്. എനിക്കാണെങ്കിൽ സ്വന്തമായി ശരീരം പോലുമില്ല. ഓരോ ആത്മാവിനും തന്റേതായി ശരീരമുണ്ട്. ഓരോരുത്തരുടേയും ശരീരത്തിന് വേറെ വേറെ പേരുണ്ടാകും. എനിക്കാണെങ്കിൽ ശരീരവുമില്ല, ശരീരത്തിനുമേൽ എനിക്കൊരു പേരുമില്ല. ഞാൻ വൃദ്ധ ശരീരമാണ് സ്വീകരിക്കുന്നത് അപ്പോൾ ഇവരുടെ പേരുമാറ്റി ബ്രഹ്മാവ് എന്ന് വെയ്ക്കുന്നു. ബ്രഹ്മാവ് എന്നത് എന്റെ പേരല്ല. എന്നെ സദാ ശിവൻ എന്നാണ് വിളിക്കുന്നത്. ഞാൻ തന്നെയാണ് എല്ലാവരുടേയും സദ്ഗതി ദാതാവ്. ആത്മാവിനെ എല്ലാവരുടേയും സദ്ഗതി ദാതാവ് എന്ന് പറയില്ല. എന്താ പരമാത്മാവിന് എപ്പോഴെങ്കിലും ദുർഗതി ഉണ്ടാകുമോ? ആത്മാവിനു തന്നെയാണ് ദുർഗതിയും സദ്ഗതിയും ഉണ്ടാകുന്നത്. ഈ കാര്യങ്ങളെല്ലാം വിചാര സാഗരമഥനം ചെയ്യുന്നതിനുള്ളതാണ്. ഇല്ലെങ്കിൽ എങ്ങനെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കും. പക്ഷേ മായ ഇത്രയും ശക്തിശാലിയാണ് അത് കുട്ടികളുടെ ബുദ്ധിയെ മുന്നോട്ടു പോകാൻ വിടുന്നില്ല. ദിവസം മുഴുവൻ വ്യർത്ഥകാര്യങ്ങളിൽ നഷ്ടമാക്കും. ബാബയിൽ നിന്നും വേർപെടുത്താനായി മായ എത്ര ശക്തി ഉപയോഗിക്കുന്നു. പിന്നീട് ചില കുട്ടികൾ പിണങ്ങിപ്പോകും. ബാബയെ ഓർമ്മിക്കാതെ അവസ്ഥ അചഞ്ചലവും ദൃഢവുമായി മാറില്ല. ബാബ ഇടക്കിടെ എഴുന്നേൽപ്പിച്ച് നിർത്തുന്നു ,മായ വീഴ്ത്തുന്നു. ബാബ പറയുന്നു ഒരിയ്ക്കലും തോറ്റുപോകരുത്. കല്പ കല്പം ഇങ്ങനെയുണ്ടാവുന്നുണ്ട്, പുതിയ കാര്യമല്ല. അവസാനമാകുമ്പോൾ മായാജീത്തായി മാറുകതന്നെ ചെയ്യും. രാവണരാജ്യം അവസാനിക്കുകതന്നെ വേണം. പിന്നീട് നമ്മൾ പുതിയ ലോകത്തിൽ രാജ്യം ഭരിക്കും. കല്പ കല്പം മായാജീത്തായി മാറിയിട്ടുണ്ട്. എണ്ണമറ്റ തവണ പുതിയ ലോകത്തിൽ രാജ്യം ഭരിച്ചിട്ടുണ്ട്. ബാബ പറയുന്നു ബുദ്ധിയെ സദാ ബിസിയാക്കിവെയ്ക്കു എങ്കിൽ സേഫായിരിക്കാം. അങ്ങിനെയുള്ളവരെയാണ്

സ്വദർശന ചക്രധാരി എന്നു പറയുന്നത്. ബാക്കി ഇതിൽ ഹിംസയുടെ ഒരു കാര്യവുമില്ല. ബ്രാഹ്മണർ തന്നെയാണ് സ്വദർശന ചക്രധാരിയായി മാറുന്നത്. ദേവതകളെ സ്വദർശന ചക്രധാരി എന്നു പറയില്ല. പതിത ലോകത്തിലെ ആചാര രീതികളും ദേവീ ദേവതകളുടെ ആചാര രീതികളും തമ്മിൽ വളരെയധികം വ്യത്യാസമുണ്ട്. മൃത്യുലോകത്തിലുള്ളവർ തന്നെയാണ് പതിതപാവനനായ ബാബയെ വിളിക്കുന്നത്, വന്ന് ഞങ്ങൾ പതിതരെ പാവനമാക്കൂ, പാവന ലോകത്തിലേയ്ക്ക് കൊണ്ടുപോകൂ... നിങ്ങളുടെ ബുദ്ധിയിലുണ്ട് ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കുമുമ്പ് പുതിയ പാവനലോകമുണ്ടായിരുന്നു, ഇതിനെയാണ് സത്യയുഗം എന്ന് പറയുന്നത്. ത്രേതായുഗത്തെ പുതിയ ലോകം എന്ന് പറയില്ല. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട്– അത് ഫസ്റ്റ് ക്ലാസാണ്, ഇത് സെക്കന്റ് ക്ലാസാണ്. ഓരോ ഓരോ കാര്യങ്ങളും വളരെ നല്ലരീതിയിൽ ധാരണ ചെയ്യണം അതായത് ആര് കേട്ടാലും അത്ഭുതപ്പെടണം. ചിലർ അത്ഭുതപ്പെടും പക്ഷേ പുരുഷാർത്ഥം ചെയ്യാൻ അവർക്ക് സമയമില്ല. പാവനമായി തീർച്ചയായും മാറണം എന്ന് കേൾക്കുന്നു. ഈ കാമവികാരം തന്നെയാണ് മനുഷ്യനെ പതിതമാക്കി മാറ്റുന്നത്, അതിനെ ജയിക്കുന്നതിലൂടെ നിങ്ങൾ ജഗത്ജീത്തായി മാറും. പക്ഷേ കാമവികാരം അവരുടെ ഇത്ര വലിയ മൂലധനം പോലെയാണ് അതിനാൽ അവർ ആ വാക്ക് മിണ്ടുന്നില്ല. മനസ്സിനെ വശത്താക്കു എന്നു മാത്രം പറയുന്നു. പക്ഷേ മനസ്സ് ശാന്തമാകുന്നത് ശരീരത്തിൽ നിന്നും വേർപെടുമ്പോഴാണ്. അല്ലാതെ മനസ്സ് ഒരിയ്ക്കലും ചിന്തിക്കാതിരിക്കില്ല. ദേഹം ലഭിക്കുന്നത് കർമ്മം ചെയ്യുന്നതിനായാണ്, പിന്നെ എങ്ങനെ കർമ്മാതീത അവസ്ഥയിൽ ഇരിക്കും? കർമ്മാതീത അവസ്ഥ എന്ന് ശവശരീരത്തെയാണ് പറയുന്നത്. ജീവിച്ചിരിക്കെ ശവം അഥവാ ശരീരത്തിൽ നിന്നും വേറിട്ടത്. ബാബ നിങ്ങൾക്ക് ശരീരത്തിൽ നിന്നും വേർപെടുന്നതിനുള്ള പഠിപ്പ് പഠിപ്പിക്കുകയാണ്. ആത്മാവ് ശരീരത്തിൽ നിന്നും വേറിട്ടതാണ്. ആത്മാവ് പരമധാമത്തിൽ വസിക്കുന്നതാണ്. ആത്മാവ് ശരീരത്തിൽ വരുമ്പോൾ അതിനെ മനുഷ്യൻ എന്നു പറയുന്നു. ശരീരം ലഭിക്കുന്നതുതന്നെ കർമ്മം ചെയ്യുന്നതിനായാണ്. ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത ശരീരം എടുക്കുന്നത് കർമ്മം ചെയ്യാൻ വേണ്ടിയാണ്. ശരീരത്തിൽ ഇല്ലാത്തപ്പോഴാണ് ശാന്തിയുണ്ടാകുന്നത്. മൂലവതനത്തിൽ കർമ്മമില്ല. സൂക്ഷ്മ വതനത്തിന്റെ കാര്യമേയില്ല. സൃഷ്ടിയുടെ ചക്രം ഇവിടെയാണ് കറങ്ങുന്നത്. ബാബയേയും സൃഷ്ടി ചക്രത്തേയും അറിയണം ഇതിനെയാണ് ജ്ഞാനം എന്ന് പറയുന്നത്. സൂക്ഷ്മ വതനത്തിൽ വെള്ളവസ്ത്രധാരികളുമില്ല, അലങ്കാരങ്ങളുമില്ല, നാഗമാല അണിഞ്ഞ ശങ്കരനും ഉണ്ടാകില്ല. ബാക്കി ബ്രഹ്മാവിന്റേയും വിഷ്ണുവിന്റേയും രഹസ്യം ബാബ മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു. ബ്രഹ്മാവ് ഇവിടെയാണ്. വിഷ്ണുവിന്റെ രണ്ട് രൂപങ്ങളും ഇവിടെയാണ്. ഡ്രാമയിലുള്ള സാക്ഷാത്ക്കാരത്തിന്റെ പാർട്ടുമാത്രമാണത്, ദിവ്യദൃഷ്ടിയിലൂടെയേ ഇത് കാണാൻ സാധിക്കൂ. ക്രിമിനൽ ദൃഷ്ടിയിലൂടെ പവിത്രമായ കാര്യങ്ങൾ കാണാൻ സാധിക്കില്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) സ്വയം സ്വയത്തെ സദാ സുരക്ഷിതമാക്കി വെയ്ക്കുന്നതിനായി ബുദ്ധിയെ വിചാര സാഗര മനനത്തിൽ ബിസിയാക്കി വെയ്ക്കണം. സ്വദർശന ചക്രധാരിയായി ഇരിക്കണം. അനാവശ്യ കാര്യങ്ങൾ സംസാരിക്കുന്നതിൽ തന്റെ സമയത്തെ വ്യർത്ഥമാക്കരുത്.

2) ശരീരത്തിൽ നിന്നും വേറിട്ടിരിക്കുന്നതിനായി ബാബ എന്താണോ പഠിപ്പിക്കുന്നത് അത് പഠിക്കണം. മായയുടെ ശക്തിയിൽ നിന്നും രക്ഷപ്പെടുന്നതിനായി തന്റെ അവസ്ഥയെ അചഞ്ചലവും ദൃഢവുമാക്കി മാറ്റണം.

## വരദാനം–ബ്രഹ്മാബാബക്കു സമാനം ലക്ഷ്യത്തെ ലക്ഷണത്തിലേക്ക് കൊണ്ടുവന്ന് പ്രത്യക്ഷ സാംപിൾ ആയിമാറുന്ന സർവ്വരുടെയും സഹയോഗിയായി ഭവിക്കട്ടെ.

ഏതുപോലെയാണോ ബ്രഹ്മാബാബ സ്വയത്തെ നിമിത്ത ഉദാഹരണമാക്കി മാറ്റുകയും,സ്വയം മുന്നോട്ടു വന്ന് സേവനങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്ത് ലക്ഷ്യത്തിന്റെ ലക്ഷണം കൊണ്ടുവന്ന് അർജ്ജുനനും(വിജയി),നമ്പർവണ്ണുമായത് അതുപോലെ ബ്രഹ്മാബാബയുടെ ചുവടുകളെ പിൻതുടരുന്നവരായി മാറണം.ജീവിതത്തിൽ സദാ കർമ്മങ്ങളിലൂടെ ഗുണമൂർത്തിയും, പ്രത്യക്ഷഉദാഹരണവുമായി മാറി മറ്റു

ള്ളവർക്കുകൂടി ഗുണങ്ങൾ ധാരണ ചെയ്യാനുള്ള സഹയോഗം നൽകണം.ഇതിനെയാണ് ഗുണദാനം എന്ന് പറയുന്നത്.ദാനം എന്നാൽ സഹയോഗം നൽകുക എന്നാണർത്ഥം.ഇപ്പോൾ എല്ലാ ആത്മാക്കളും കേൾക്കുന്നതിനുപകരം പ്രത്യക്ഷമായ തെളിവ് കാണാനാണ് ആഗ്രഹിക്കുന്നത്.അതിനാൽ ആദ്യം സ്വയത്തെ ഗുണമൂർത്തിയാക്കി മാറ്റൂ.

**സ്ലോഗൻ – സർവ്വരുടേയും നിരാശകളാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നവർ തന്നെയാണ്  ജ്ഞാനദീപങ്ങൾ.**